**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ മൂലം മരണം സംഭവിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം **2011** ആഗസ്റ്റ് **5** മുതൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരുന്നു. നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നീ മൂന്ന് മാർഗ്ഗങ്ങളാണ് സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്നത്. എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിയ്ക്കൽ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ പഠന സംബന്ധമായ സാമ്പിൾ ശേഖരിയ്ക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടന്ന് വരുന്നു. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2022 **ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും, പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- **രൂപ (ഒരു കോടി ആറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം)** പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ **Unsafe** ആയും 220 സാമ്പിളുകൾ **Substandard** ആയും, 301 സാമ്പിളുകൾ **Misbranded** ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. **2014** മുതൽ **2022** വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- **രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം**) പിഴ വിധിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവണ്മെന്റ് അനാലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി 2022 **ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ 21070 ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും ജില്ലകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിയ്ക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരുന്നതും അതിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (ബി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും വാഹനങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് കാര്യക്ഷമമായി പരിശോധനകളും നടപടികളും നടന്നുവരുന്നു. നിലവിൽ ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികയും ഒരു മിനിസ്റ്റീരിയൽ സ്റ്റാഫ് തസ്തികയും ആണ് ഉള്ളത്. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ തസ്തിക അനുവദിയ്ക്കണമെന്ന ശുപാർശകളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഭക്ഷ്യവിഷബാധ മൂലം അനിഷ്ട സംഭവങ്ങൾ നടന്ന ശേഷം മാത്രമേ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ കാര്യക്ഷമായി നടത്തുന്നുള്ളു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ലൈസൻസ്/ രജിസ്ട്രേഷൻ നൽകൽ, നിയമപരമായ സാമ്പിൾ ശേഖരിയ്ക്കൽ അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യൽ പഠന സംബന്ധമായ സാമ്പിൾ ശേഖരിയ്ക്കൽ, പരാതി അന്വേഷിച്ച് നടപടി സ്വീകരിയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടന്ന് വരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | തുടങ്ങിയ 2012-2013 വർഷത്തിൽ 6358 ഉം 2013-14 ൽ 358 പരിശോധനകളാണ് നടത്തിയിട്ടുള്ളത്. എന്നാൽ 2016 മുതൽ ക്രമാനുഗതമായി പരിശോധനകൾ വർദ്ധിച്ച് 2022 ൽ 59529 എണ്ണത്തിൽ എത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഭക്ഷ്യ സ്ഥാപനങ്ങളിൽ നിരന്തരമായ പരിശോധനകളും തുടർ നടപടികളുമാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ